# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് മുപ്പത്തെട്ട്

## രാജ്യത്തിന്റെ മർമങ്ങളുടെ അനാവരണം

## (4)

Tue ഈ ദൂതിൽ സ്വർഗരാജ്യത്തിന്റെ ബാഹ്യമായ വ്യാജഭാവത്തെക്കുറിച്ച് കാണുന്നത് നമുക്കു തുടരാം. കളകളുടെ ഉപമ വെളിപ്പെടുത്തുന്നതുപോലെ, രാജ്യത്തിന്റെ ഘടകങ്ങൾ തങ്ങളുടെ ഉള്ളിൽ ദിവ്യജീവൻ ഉള്ളവരായ രാജ്യത്തിന്റെ പുത്രന്മാരാണ്. എന്നാൽ, പിശാചിന്റെ പുത്രന്മാരായ കളകൾ കടുന്നുവന്നിരിക്കുന്നു. ഘടകങ്ങളുടെ ഇടയിലുള്ള ഈ വ്യാജന്മാർ നിമിത്തം രാജ്യത്തിന്റെ ബാഹ്യമായ വ്യാജഭാവത്തിൽ അത് ക്രൈസ്തവലോകമായിത്തീർന്നിരിക്കുന്നു. നേരത്തേ അത് നിർമലമായ ദൈവരാജ്യമായിരുന്നു, എന്നാൽ ഇപ്പോൾ അത് യഥാർഥ വിശ്വാസികളും വ്യാജ വിശ്വാസികളുമുള്ള ക്രൈസ്തവലോകമായിത്തീർന്നിരിക്കുന്നു. നിരവധി ആളുകൾ ക്രിസ്തുമതത്തെക്കുറിച്ച് പറയുമ്പോൾ അവർ വാസ്തവത്തിൽ ക്രൈസ്തവലോകത്തെക്കുറിച്ചാണ് പറയുന്നു. സ്വർഗരാജ്യം ക്രൈസ്തവലോകംപോലെ അത്ര വലുതല്ല, അത് ക്രൈസ്തവലോകത്തെക്കാൾ ചെറുതും അതിനുള്ളിലും ആണ്. രാജ്യം യഥാർഥമാണ്, അത് നിർവ്യാജരായ ഘടകങ്ങളെക്കൊണ്ട്, ദൈവപുത്രന്മാരായ രാജ്യത്തിന്റെ പുത്രന്മാരെക്കൊണ്ട് സംരചിക്കപ്പെട്ടിരിക്കുന്നു. എന്നാൽ സാത്താൻ വിതെച്ച കളകൾ ക്രൈസ്തവലോകം എന്ന സ്വർഗരാജ്യത്തിന്റെ ബാഹ്യമായ വ്യാജഭാവത്തിലുള്ള ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടുന്നവരുടെ ഇടയിൽ ഒരു കലർപ്പിന് കാരണമായി.

## III. രാജ്യത്തിന്റെ ബാഹ്യമായ വ്യാജഭാവത്തിന്റെ അസാധാരണ വികാസം

മത്തായി 13-ലുള്ള ഉപമകൾ കർത്താവ് വളരെ നല്ല ഒരു ക്രമത്തിൽ ക്രമീകരിച്ചു. ഒന്നാമത് സ്വർഗരാജ്യത്തിന്റെ ഘടകങ്ങളെ ഉല്പാദിപ്പിക്കുന്നതിനുള്ള വിത്തു വിതയ്ക്കുന്ന വിതക്കാരന്റെ ഉപമ നമുക്കുണ്ട്. അതിനുശേഷം സ്വർഗരാജ്യത്തെ ക്രൈസ്തവലോകമായിത്തീരുവാൻ ഇടയാക്കുന്ന ഘടകങ്ങളുടെ ഇടയിലെ

വ്യാജന്മാരായ, ശത്രു വിതെച്ച കളകളുടെ ഉപമയുണ്ട്. കളകളുടെ ഉപമയെത്തുടർന്ന് നമുക്ക് കടുകുമണിയുടെ ഉപമയുണ്ട് (13:31-32).

## A. സ്വർഗരാജ്യം ഒരു കടുകുമണിയോട് സദൃശമാകുന്നു

വാക്യം 31 പറയുന്നു, "സ്വർഗരാജ്യം ഒരു കടുകുമണിയോട് സദൃശം ആകുന്നു." ആദ്യത്തെ രണ്ട് ഉപമകളിലെ ഗോതമ്പിന്റെ ഫലവും, ഇവിടെ മൂന്നാമത്തെ ഉപമയിലെ കടുകിന്റെ ഫലവും ആഹാരത്തിനു വേണ്ടിയുള്ളതാണ്. രാജ്യത്തിന്റെയും സഭയുടെയും ഘടകങ്ങളായ രാജ്യജനം ദൈവത്തെയും മനുഷ്യനെയും തൃപ്തിപ്പെടുത്തുന്ന ആഹാരം ഉല്പാദിപ്പിക്കുന്ന ഒരു വിളവു പോലെ യായിരിക്കണമെന്ന് ഇത് സൂചിപ്പിക്കുന്നു. ഗോതമ്പും കടുകും, ആഹാരത്തിനു നല്ലതാണ്. വാസ്തവത്തിൽ, ഗോതമ്പുകൊണ്ടുള്ള അപ്പത്തിൽ കടുകു പുരട്ടി തിന്നുന്നത് വളരെ ആരോഗ്യപ്രദവും പോഷണം നൽകുന്നതും ആണ്. എന്നാൽ രണ്ടാമത്തെയും മൂന്നാമത്തെയും ഉപമകളിൽ ദുഷ്ടന്റെ ചിന്തയെ, സാത്താന്റെ കൗശലത്തെ നാം കാണുന്നു. ഗോതമ്പിനിടയിൽ കള വിതയ്ക്കുവാൻ ദുഷ്ടൻ കടന്നുവന്നു. ഏതൊരു കൃഷിക്കാരനും നിങ്ങളോടു പറയുവാൻ കഴിയുന്നതുപോലെ, കളകൾ ഗോതമ്പിന്റെ വളർച്ചയെ വളരെയധികം തടസ്സപ്പെടുത്തുന്നു, കാരണം വളരുന്ന ഗോതമ്പിനെ പോഷിപ്പിക്കാനുള്ള മണ്ണിന്റെ വളക്കൂറിനെ അവ ഉപയോഗിച്ചു തീർക്കുന്നു. കളകൾ മണ്ണിനെ ഉപയോഗിച്ചു തീർക്കുകയും അതിനെ പാഴാക്കുകുകയും ചെയ്യുന്നതു നിമിത്തം ഗോതമ്പിന് ശരിയായി വളരുവാൻ കഴിയുകയില്ല. നമ്മുടെ ഇന്നത്തെ സാഹചര്യത്തോട് ഇതിനെ പ്രയോഗിക്കുവാൻ കഴിയും. അനേകം വ്യാജ ക്രിസ്ത്യാനികൾ യഥാർഥ ക്രിസ്ത്യാനികളുടെ വളർച്ചയെ തടസ്സപ്പെടുത്തിയിട്ടുണ്ട്. നിരവധി വ്യാജ വിശ്വാസികൾ ഉള്ളിടത്തൊക്കെയും യഥാർഥ വിശ്വാസികൾക്ക് ജീവനിൽ വളരുവാൻ പ്രയാസമാണ്. ഇതാണ് ശത്രുവിന്റെ കൗശലം. നാം കാണാൻ പോകുന്നതുപോലെ, കടുകുമണിയോടുള്ള ബന്ധത്തിൽ ശത്രുവിന്റെ കൗശലം, ഇനിമേൽ ആഹാരത്തിന് കൊള്ളാത്തതായ ഒരു വലിയ വൃക്ഷമായി വളരുവാൻ അതിനെ ഇടയാക്കുന്നു എന്നതാണ്.

## B. സ്വർഗീയ രാജാവ് തന്റെ വയലിൽ ഒരു കടുകുമണി വിതയ്ക്കുന്നു

ഒരുവശത്ത്, കർത്താവു വിതെച്ചത് ഗോതമ്പുമണിയാണ്. എന്നാൽ മറുവശത്ത്, അത് ഒരു കടുകുമണിയാണ്. ഗോതമ്പുമണിയും കടുകുമണിയും, വ്യത്യസ്ത ഭാവങ്ങളിലുള്ള നമ്മുടെ ഭക്ഷണമായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. അവൻ നമ്മുടെ പോഷണത്തിനു വേണ്ടിയുള്ള ഗോതമ്പും കടുകുമാണ്.

## C. കടുകുമണി സസ്യങ്ങളെക്കാൾ വളർന്ന് ഒരു വൃക്ഷമായിത്തീരുന്നു

വാക്യം 32 പറയുന്നു, "അത് സസ്യങ്ങളെക്കാൾ വലിയ ഒരു വൃക്ഷമായിത്തീരുന്നു." രാജ്യത്തിന്റെ ദേഹരൂപമായ സഭ ആഹാരം ഉല്പാദിപ്പിക്കുന്ന ഒരു സസ്യംപോലെ ആയിരിക്കണം, എന്നാൽ അതിന്റെ പ്രകൃതത്തിനും പ്രവർത്തനത്തിനും മാറ്റം വന്നിട്ട് അത് പക്ഷികൾക്കുള്ള വാസസ്ഥലമായ ഒരു വൃക്ഷമായിത്തീർന്നു. (ഇത്, ഏതു സസ്യവും അതതിന്റെ തരത്തിലായിരിക്കണമെന്ന ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ പ്രമാണത്തിനു വിരുദ്ധമാണ്—ഉല്പ. 1:11-12). നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മഹാനായ കോൺസ്റ്റന്റൈൻ ലോകവുമായി സഭയെ കലർത്തിയപ്പോൾ ഇതു സംഭവിച്ചു. ഇനിമേൽ അതിനെ സഭയല്ല, ക്രൈസ്തവലോകമാക്കിക്കൊണ്ട്, ആയിരക്കണക്കിന് വ്യാജ വിശ്വാസികളെ അവൻ ക്രിസ്തുമതത്തിലേക്ക് കൊണ്ടുവന്നു. തന്മൂലം, മൂന്നാമത്തെ ഈ ഉപമ വെളിപ്പാട് 2-ലും 3-ലുമുള്ള ഏഴു സഭകളിൽ മൂന്നാമത്തേതായ പെർഗ്ഗമൊസിലെ സഭയോട് ഒത്തിരിക്കുന്നു (2:12-17). കടുക് ഒരു വാർഷിക ചെടിയാണ്, എന്നാൽ വൃക്ഷം അനേകം വർഷം നിൽക്കുന്ന ഒരു സസ്യമാണ്. സ്വർഗീയവും ആത്മികവുമായ അതിന്റെ പ്രകൃതമനുസരിച്ച് സഭ കടുകിനെപ്പോലെ ഭൂമിയിൽ തൽക്കാലവാസം ചെയ്യുന്നതായിരിക്കണം. എന്നാൽ അതിന്റെ മാറ്റംവന്ന പ്രകൃതത്തോടെ, നിരവധി ദുഷ്ടരായ വ്യക്തികൾക്കും കാര്യങ്ങൾക്കും വസിക്കുവാനുള്ള ശാഖകളായി അതിന്റെ സംരഭങ്ങളിൽ അഭിവൃദ്ധിപ്രാപിച്ചുകൊണ്ട് സഭ ആഴത്തിൽ വേരൂന്നുകയും ഒരു വൃക്ഷമായി ഭൂമിയിൽ ഉറയ്ക്കുകയും ചെയ്തു. ഇത് സ്വർഗരാജ്യത്തിന്റെ ബാഹ്യമായ വ്യാജഭാവത്തിന്റെ പുറമെയുള്ള സംഘടനയ്ക്ക് രൂപം നൽകി.

ഒരു കടുകുമണി ഒരു വൃക്ഷമായിത്തീരുന്നത്, തന്റെ സൃഷ്ടിപ്പിൽ ജീവജാലങ്ങൾക്കായി ദൈവത്താൽ നിയോഗിക്കപ്പെട്ട തത്ത്വത്തിന്റെ ഒരു ലംഘനമാണ്—ഏതു സസ്യവും അതതിന്റെ തരത്തിലായിരിക്കണം. ഇതാണ് ഉല്പത്തി 1-ൽ പരാമർശിച്ചിരിക്കുന്നത്: ഏതു ജീവനും അതതിന്റെ തരത്തിൽ വളരുന്നുവെന്ന് അവിടെ നമ്മോടു പറഞ്ഞിരിക്കുന്നു. ഒരു പീച്ച് പീച്ചിന്റെ തരത്തിൽ വളരുകയും, ഒരു ആപ്പിൾ ആപ്പിളിന്റെ തരത്തിൽ വളരുകയും ചെയ്യുന്നു. ഈ തത്ത്വം സസ്യജീവനു മാത്രമല്ല, ജന്തുജീവനും മനുഷ്യജീവനുപോലും ബാധകമാണ്. ഏതു തരം ജീവനും അതിന്റെ തരത്തിൽ വികാസം പ്രാപിക്കണം. ഒരു പശു ഒരു പശുവായിരിക്കുകയും, ഒരു കഴുത ഒരു കഴുതയായിരിക്കുകയും, ഒരു കുതിര ഒരു കുതിരയായിരിക്കുകയും വേണം. ഒരു കോവർകഴുത അതിന്റെ തരത്തിലല്ലാത്ത ഒരു മൃഗത്തിന്റെ ഒരു

ഉദാഹരണമാണ്. ഒരു കോവർകഴുത കുതിരയുമല്ല, കഴുതയുമല്ല; അത് കുതിരയും കഴുതയും തമ്മിലുള്ള ഒരു സങ്കരമാണ്. ഒരു പ്രത്യേക രൂപത്തിലുള്ള സസ്യജാലമോ സസ്യമോ അതിന്റെ തരത്തിലല്ലെങ്കിൽ, അത് അസാധാരണവും, തന്റെ സൃഷ്ടിപ്പിൽ ദൈവത്താൽ നിയോഗിക്കപ്പെട്ട തത്ത്വത്തിന് എതിരും ആണ്. ഈ തത്ത്വം കാക്കുന്ന കാര്യത്തിൽ ഒരു കടുക് ഒരു കടുകിനനുസരിച്ചും, ഒരു വൃക്ഷം ഒരു വൃക്ഷത്തിനനുസരിച്ചും ആയിരിക്കണം. ഒരു കടുക് ദൈവത്തിന്റെ തത്ത്വം ലംഘിച്ച് ഒരു വൃക്ഷമായിത്തീരുകയെന്നത് അസാധാരണമാണ്. എന്നാൽ ഒരു വൃക്ഷമായി വളരുന്നതിലൂടെ കടുകുചെടി ഈ തത്ത്വം ലംഘിക്കുന്നു. ഇത്തരത്തിലുള്ള വളർച്ച അസാധാരണം, ദൈവത്തിന്റെ ചട്ടത്തിന്റെ ഒരു ലംഘനം, ആണ്. യാതൊരു നിയന്ത്രണവുമില്ലാതെ മനുഷ്യജീവൻ വികാസം പ്രാപിക്കുകയും, ചില ചൈനക്കാർ കാളകളായി വളരുകയും, ചില ജപ്പാൻകാർ കുതിരകളായി വളരുകയും, ചില അമേരിക്കക്കാർ ആനകളായി വളരുകയും ചെയ്യുവെന്ന് സങ്കൽപിക്കുക. ഇത് എത്ര വിരൂപമായിരിക്കും! തന്റെ സൃഷ്ടിപ്പിൽ ദൈവം എല്ലാത്തരം ജീവനും ഒരു നിയന്ത്രകപ്രമാണം വച്ചിരിക്കുന്നതിനായി ദൈവത്തിന് സ്തോത്രം ചെയ്യുന്നു! എങ്കിലും, കർത്താവ് ഒരു കടുകുചെടിയുടെ വിത്തു വിതെച്ചപ്പോൾ ഈ ചെടി ഒരു വൃക്ഷമായി വളർന്നു. ഇങ്ങനെയുള്ള വികാസം എത്ര അസാധാരണമാണ്!

ഞാൻ ചെറുപ്പമായിരുന്നപ്പോൾ, ഈ വലിയ വൃക്ഷം അനുലോമപരമായ ഒന്നായിരുന്നുവെന്നു പറഞ്ഞ ചില പുസ്തകങ്ങൾ ഞാൻ വായിച്ചു. എന്നാൽ വളരെ വലുതാണെങ്കിലും ഈ വൃക്ഷം തീർത്തും അനുലോമമല്ല. ഒരു മനുഷ്യൻ ഒരു ആനയായി വളർന്നുവെന്നു കരുതുക. അത് അനുലോമമായിരിക്കുമോ അതോ പ്രതിലോമമായിരിക്കുമോ? അങ്ങനെയുള്ള അസാധാരണമായ ഒരു വികാസം ഭയാനകമായിരിക്കും. ഇന്നത്തെ ക്രൈസ്തവലോകം ഭീമാകാരവും പൈശാചികമായി അസാധാരണവും ആണ്. അതൊരു വൃക്ഷം മാത്രമല്ല, ഒരു മഹാവൃക്ഷമാണ്. രാജ്യത്തിന്റെ ഘടകത്തിന്റെ പ്രകൃതത്തിനു മാറ്റം വന്നു എന്നു മാത്രമല്ല, രാജ്യത്തിന്റെ വലുപ്പം അസാധാരണമായിത്തീരുകയും ചെയ്യുവെന്ന് ഇതിനാൽ നാം കാണുന്നു. ഒരു ചെടി ആഹാരത്തിന് നല്ലതായിരിക്കണമെങ്കിൽ, അത് വളരെ വലുതായി വളരരുത്. ഒരു ചെടി അസാധാരണമാംവണ്ണം വലുതായി വളരുമ്പോൾ, അത് ഇനിമേൽ മൃദുവും, രുചികരവും, ഭക്ഷണയോഗ്യവും ആയിരിക്കുകയില്ല. തന്റെ വ്യവസ്ഥയിൽ തന്റെ മക്കൾ ഗോതമ്പിനെയോ കടുകിനെയോ പോലെയായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു, എത്രയും ചെറുതും മൃദുവും ആകുന്നുവോ അത്രയും നല്ലത്. കൂടാതെ, നാം ഒരു വർഷത്തിൽക്കൂടുതൽ നിലനിൽക്കാത്ത ഗോതമ്പിനെയും

കടുകിനെയുംപോലെ വാർഷികരായിരിക്കണം. സഭാജനം വാർഷികരായിരിക്കണം, അനേകം വർഷം നിൽക്കുന്നവരായിരിക്കരുത്. നാം ഒരു നീണ്ട കാലയളവ് ഭൂമിയിലേക്കു വേരൂന്നുന്നവരായിരിക്കരുത്, നാം ഭൂമിയിൽ പരദേശികളായിരിക്കണം എന്നതാണ് കർത്താവിന്റെ ഇംഗിതം. നാം ഗോതമ്പിനെയും ചെടികളെയുംപോലെ വാർഷികരായിരിക്കുന്നിടത്തോളം, നാം നല്ല ഭക്ഷണപദാർഥമായ അപ്പം ഉണ്ടാക്കുവാനുള്ള ഗോതമ്പുമണിയും, അപ്പത്തിനു യോജിക്കുന്ന കടുകും ഉല്പാദിപ്പിക്കും.ഇത് മറ്റുള്ളവരുടെ പോഷണത്തിനും സംതൃപ്തിക്കും വേണ്ടിയുള്ള ഉൽകൃഷ്ടമായ ഭക്ഷണം പ്രദാനംചെയ്യും. എന്നാൽ, ശത്രു കടുകിനെ യാതൊരു ഭക്ഷണപദാർഥവും ഉല്പാദിപ്പിക്കാത്ത, അനേകം വർഷം നിൽക്കുന്ന ഒരു വൃക്ഷമാക്കി.

## D. ആകാശത്തിലെ പറവകൾ വന്ന് വൃക്ഷത്തിന്റെ ശാഖകളിൽ കൂടുകൂട്ടുന്നു

ആകാശത്തിലെ പറവകൾ വന്ന് അതിന്റെ ശാഖകളിൽ കൂടുകൂട്ടുവാൻ തക്കവണ്ണം ഒരു വൃക്ഷമായിത്തീരുന്നുവെന്നും വാക്യം 32 പറയുന്നു. ഭക്ഷണപദാർഥങ്ങൾ ഉല്പാദിപ്പിക്കുന്നതിനുപകരം ഈ വൃക്ഷം പറവകൾക്കുവേണ്ടിയുള്ള ഒരു കൂടാണ്. ഒന്നാമത്തെ ഉപമയിലെ പറവകൾ ദുഷ്ടനായ സാത്താനെ സൂചിപ്പിക്കുന്നതുകൊണ്ട് (വാ. 4, 19), വാക്യം 32-ലെ ആകാശത്തിലെ പറവകൾ, ദുഷ്ടവ്യക്തികളോടും അവരാൽ പ്രേരിപ്പിക്കപ്പെട്ട കാര്യങ്ങളോടുംകൂടെയുള്ള സാത്താന്റെ ദുരാത്മാക്കളെയായിരിക്കണം പരാമർശിക്കുന്നത്. മഹാവൃക്ഷത്തിന്റെ ശാഖകളിൽ, അതായത് ക്രൈസ്തവലോകമെന്ന സംരംഭങ്ങളിൽ, അവ പാർക്കുന്നു. പറവകൾ, ദുഷ്ടനെയും, ദുഷ്ടവ്യക്തികളെയും, ദുഷ്ട വിഷയങ്ങളെയും, ദുഷ്ട കാര്യങ്ങളെയും—ചുരുക്കത്തിൽ ദുഷ്ടനോടു ബന്ധപ്പെട്ട സകല ദുഷ്ടതയെയും പരാമർശിക്കുന്നു. ഇന്നത്തെ ക്രൈസ്തവലോകത്തിൽ, നിരവധി ദുഷ്ട വ്യക്തികളും, ദുഷ്ട കാര്യങ്ങളും, ദുഷ്ട വിഷയങ്ങളും ഉണ്ട്. ക്രൈസ്തവലോകം യാതൊരു ഫലവും ഉല്പാദിപ്പിക്കാത്തതും, എന്നാൽ വളരെയധികം ദുഷ്ട കാര്യങ്ങൾക്കുവേണ്ടിയുള്ള ഒരു വാസസ്ഥലമായിത്തീർന്ന ഒരു വലിയ വൃക്ഷമായിത്തീരുകയും ചെയ്തിരിക്കുന്നു.

കർത്താവ് ഈ ഉപമ സംസാരിച്ചപ്പോൾ അത് പ്രവചനമായിരുന്നു: എന്നാൽ ഇന്ന് അത് ചരിത്രമായിത്തീർന്നിരിക്കുന്നു. ഈ ഉപമയുടെ നിറവേറൽ നാം വത്തിക്കാനിൽ കാണുന്നു. മുസ്സോളിനിയും മാർപാപ്പയും തമ്മിലുള്ള ഒരു കരാറിനാൽ രൂപപ്പെട്ട ഒരു സ്വതന്ത്ര രാജ്യം പോലുമാണ് വത്തിക്കാൻ. ആ സമയം മുതൽ വത്തിക്കാനും ലോകത്തിലെ വിവിധ രാഷ്ട്രങ്ങളും സ്ഥാനപതികളെ കൈമാറിയിട്ടുണ്ട്. ക്രിസ്തുമതം ഒരു വലിയ വൃക്ഷമായിത്തീർന്നിരിക്കുന്നു എന്നതിന്റെ പിന്നെയുമുള്ള ഒരു സൂചനയാണിത്. ഇന്ന് ലോകത്തിൽ ഏകദേശം

80 കോടി കത്തോലിക്കരുണ്ട്, ഒരുപക്ഷെ ലോക ജനസംഖ്യയുടെ നാലിലൊന്ന് മാർപാപ്പയുടെ അധികാരത്തിൻകീഴിലാണ്. ഇത്രയും വലിയൊരു സംഖ്യ ആളുകൾ പോപ്പ് സമ്പ്രദായത്തിൻ കീഴിലാണ്. ക്രിസ്തുമതം ഒരു വലിയ വൃക്ഷമായിത്തീർന്നുവെങ്കിലും, ലൂക്കൊസ് 12-ൽ കർത്താവായ യേശു തന്റെ സഭയെ "ചെറിയ ആട്ടിൻകൂട്ടം" എന്നു വിളിച്ചു. നാം വലിയ വൃക്ഷത്തിലായിരിക്കരുത്, മറിച്ച് ചെറിയ ആട്ടിൻകൂട്ടത്തിൽ നിലകൊള്ളണം.

നിങ്ങൾ വത്തിക്കാൻ സന്ദർശിക്കുന്നുവെങ്കിൽ, അത് നിരവധി പക്ഷികളെക്കൊണ്ടു നിറഞ്ഞ ഒരു താവളമായ വളരെ വലിയ വൃക്ഷമാണെന്ന് നിങ്ങൾ കാണും. ഐക്യനാടുകളിലുള്ള കത്തോലിക്കാ പള്ളികളിലും വലിയ മതസംഘടനകളിലും ഇതേ കാര്യം കാണപ്പെടുന്നു. കത്തോലിക്കാസഭയിലും മതസംഘടനകളിലും ഒരു ഗോതമ്പുമണിയെയോ ഒരു കടുകുമണിയോ കണ്ടെത്തുക പ്രയാസമാണ്. ആഹാരത്തിനു പകരം അവിടെ പക്ഷികൾക്കുള്ള വാസസ്ഥലമുണ്ട്. ഇതാണ് ഇന്നത്തെ സാഹചര്യമായ സ്വർഗരാജ്യത്തിന്റെ വ്യാജഭാവം.

## IV. രാജ്യത്തിന്റെ ബാഹ്യമായ വ്യാജഭാവത്തിന്റെ ആന്തരികദൂഷ്യം

### A. പുളിപ്പിന്റെ ഉപമ

രാജ്യത്തിന്റെ വ്യാജഭാവത്തോടുകൂടെ മൂന്ന് കാര്യങ്ങളുണ്ട്: മാറ്റംവന്ന പ്രകൃതമായ കളകളും; മാറ്റംവന്ന ബാഹ്യമായ വ്യാജഭാവമായ, നാട്യമായ, വലിയ വൃക്ഷവും; ആന്തരികമായ ദുഷിപ്പും മലിനതയുമായ പുളിപ്പും. ഇതു നമ്മെ പുളിപ്പിന്റെ ഉപമയിലേക്ക് കൊണ്ടുവരുന്നു.

#### *1. സ്വർഗരാജ്യം പുളിപ്പിനോട് സദൃശമാകുന്നു*

വാക്യം 33 പറയുന്നു, "മറ്റൊരു ഉപമ അവൻ അവരോടു പറഞ്ഞു: സ്വർഗരാജ്യം പുളിപ്പിനോടു സദൃശമാകുന്നു; അതിനെ ഒരു സ്ത്രീ എടുത്ത് മൂന്ന് ഇടങ്ങഴി മാവിൽ, അതു മുഴുവനും പുളിക്കുവോളം മറച്ചുവച്ചു." തിരുവെഴുത്തുകളിൽ പുളിപ്പ് ദുഷ്ട കാര്യങ്ങളെയും (1 കൊരി. 5:6, 8) ദുഷ്ട ഉപദേശങ്ങളെയും സൂചിപ്പിക്കുന്നു (മത്താ. 16:6, 11-12).

#### *2. ഒരു സ്ത്രീ (വിശ്വാസത്യാഗിനിയായ കത്തോലിക്കാസഭ) പുളിപ്പെടുത്ത് മൂന്നിടങ്ങഴി മാവിൽ മറച്ചുവയ്ക്കുന്നു*

ഒരു സ്ത്രീ പുളിപ്പെടുത്ത് മൂന്നിടങ്ങഴി മാവിൽ മറച്ചുവവച്ചുവെന്ന് വാക്യം 33 പറയുന്നു. പ്രായോഗിക സ്വർഗരാജ്യമായ സഭ അതിന്റെ ഉള്ളടക്കമെന്ന നിലയിൽ പുളിപ്പില്ലാത്ത നേരിയ

മാവായ ക്രിസ്തുവിനോടുകൂടെ പുളിപ്പില്ലാത്ത അപ്പമായിരിക്കണം (1 കൊരി. 5:7-8). എന്നാൽ, ആറാം നൂറ്റാണ്ടിൽ പൂർണമായും ഔദ്യോഗികമായും രൂപീകരിക്കപ്പെടുകയും, ഇവിടെ പറയുന്ന സ്ത്രീയാൽ സൂചിപ്പിക്കപ്പെടുകയും ചെയ്യുന്ന കത്തോലിക്കാസഭ അനേകം ജാതീയ അനുഷ്ഠാനങ്ങളും, വചനവിരുദ്ധമായ ഉപദേശങ്ങളും, ദുഷ്ട കാര്യങ്ങളും എടുത്ത് ക്രിസ്തുമതത്തിന്റെ മുഴുവൻ ഉള്ളടക്കത്തെയും പുളിപ്പിക്കുന്നതിന് അവയെ ക്രിസ്തുവിനെ സംബന്ധിച്ച ഉപദേശങ്ങളോടുകൂടെ കലർത്തി. ഈ നാലാമത്തെ ഉപമ വെളിപ്പാട് 2-ലും 3-ലുമുള്ള ഏഴു സഭകളിൽ നാലാമത്തേതായ തുയഥൈരയിലെ സഭയോട് ഒത്തിരിക്കുന്നു (2:18-29). ഇത് സ്വർഗരാജ്യത്തിന്റെ ബാഹ്യമായ വ്യാജഭാവത്തിന്റെ ആന്തരികമായ ഉള്ളടക്കമായിത്തീർന്നു.

ഭോജനയാഗം ഉണ്ടാക്കുന്നതിനുള്ള മാവ് (ലേവ്യ. 2:1) സൂചിപ്പിക്കുന്നത് ദൈവത്തിനും മനുഷ്യനുമുള്ള ആഹാരമായ ക്രിസ്തുവിനെയാണ്. ഒരു പൂർണാഹാരം ഉണ്ടാക്കുവാനുള്ള അളവാണ് മൂന്നിടങ്ങഴി (ഉല്പ. 18:6). തന്മൂലം, മൂന്നിടങ്ങഴി മാവിൽ പുളിപ്പ് മറച്ചുവച്ചു എന്നത് ക്രിസ്തുവിനെ സംബന്ധിച്ച എല്ലാ ഉപദേശങ്ങളെയും കത്തോലിക്കാസഭ മറഞ്ഞിരിക്കുന്ന ഒരു രീതിയിൽ പുളിപ്പിച്ചുവെന്ന് സൂചിപ്പിക്കുന്നു. ഇതാണ് റോമൻ കത്തോലിക്കാസഭയിലെ യഥാർഥ സാഹചര്യം. ഭോജനയാഗത്തിലേക്ക് യാതൊരു പുളിപ്പും ചേർക്കുന്നതിനെ ശക്തമായി വിലക്കുന്ന തിരുവെഴുത്തിന് ഇത് തികച്ചും എതിരാണ് (ലേവ്യ. 2:4-5, 11).

പുളിപ്പിന്റെ ഉപമ കലർപ്പ് എന്ന വിഷയത്തെ വെളിപ്പെടുത്തുന്നു. മൂന്നിടങ്ങഴി മാവ് ഗോതമ്പുമണികൊണ്ടുള്ള നേരിയ മാവിനെ സൂചിപ്പിക്കുന്നു. ഈ നേരിയ മാവ് എല്ലായ്പ്പോഴും ദൈവത്തിന്റെ പുരോഹിതന്മാർക്കുള്ള ഭക്ഷണമായ ഭോജനയാഗത്തിൽ ഉപയോഗിച്ചിരുന്നു. പുരോഹിതന്മാരായി ദൈവത്തെ സേവിച്ചവർ ഭോജനയാഗത്തിന്റെ നേരിയ മാവ് ഭക്ഷിച്ചിരുന്നു. നേരിയ മാവ് ദൈവത്തിന്റെ പുരോഹിതന്മാരുടെ സംതൃപ്തിക്കുവേണ്ടി മാത്രമല്ല, ദൈവത്തിന്റെതന്നെ സംതൃപ്തിക്കുവേണ്ടിയും ആയിരുന്നു. അങ്ങനെ ഭോജനയാഗം പുരോഹിതന്മാർക്കും ദൈവത്തിനും വേണ്ടിയുള്ള ആഹാരമായിരുന്നു. ക്രിസ്തുവിനെ സൂചിപ്പിക്കുന്ന നേരിയ മാവുകൊണ്ടുള്ള ഭോജനയാഗം തന്റെ മനുഷ്യത്വത്തിലുള്ള ക്രിസ്തുവിന്റെ ഒരു പൂർണ മുൻകുറിയാണ്. കർത്താവ് അബ്രാഹാമിന് പ്രത്യക്ഷനായപ്പോൾ, മൂന്നിടങ്ങഴി നേരിയമാവുകൊണ്ടുള്ള ഒരു പൂർണാഹാരം ഒരുക്കുവാൻ അബ്രാഹാം തന്റെ ഭാര്യയായ സാറയോടു പറഞ്ഞു. തന്മൂലം, ബൈബിളിൽ, മൂന്നിടങ്ങഴി ഒരു പൂർണാഹാരത്തെ കുറിക്കുന്നു. മൂന്നിടങ്ങഴി മാവിനെ സ്ത്രീ പുളിപ്പിച്ചു എന്ന വസ്തുത

ചൂണ്ടിക്കാണിക്കുന്നത് ക്രിസ്തുവിനോടു ബന്ധപ്പെട്ട സകലവും ഈ ദുഷ്ട സ്ത്രീയാൽ പുളിപ്പിക്കപ്പെട്ടിരിക്കുന്നു എന്നാണ്.

മത്തായി 13-ലെ സ്ത്രീ വെളിപ്പാട് 2-ലെ ഈസേബെലാണ്. ചരിത്രമനുസരിച്ച്, തുയഥൈര വിശ്വാസത്യാഗിനിയായ റോമൻ കത്തോലിക്കാസഭയെ സൂചിപ്പിക്കുന്നു. മത്തായി 13-ലെ സ്ത്രീയും, വെളിപ്പാട് 2-ലെ ഈസേബെലും റോമൻ കത്തോലിക്കാസഭയാണ്. ഒടുവിൽ ഈ ദുഷ്ട സ്ത്രീ വെളിപ്പാട് 17-ൽ കാണപ്പെടുന്ന മഹതിയാം ബാബിലോൻ എന്നു വിളിക്കപ്പെടുന്ന മഹാവേശ്യയായിത്തീരും. അങ്ങനെ, മത്തായി 13-ലും, വെളിപ്പാട് 2-ലും, വെളിപ്പാട് 17-ലുമുള്ള സ്ത്രീ വിശ്വാസത്യാഗിനിയായ കത്തോലിക്കാസഭയാണ്. പോപ്പ് സമ്പ്രദായം സ്ഥാപിതമായതിനുശേഷം കൊണ്ടുവരപ്പെട്ടതായ നിരവധി ജാതീയ അനുഷ്ഠാനങ്ങൾ ആ സമ്പ്രദായത്താൽ ഉറപ്പിക്കപ്പെട്ടു. ഇത് അലക്സാണ്ടർ ഹിസ്ലോപ്പിന്റെ *രണ്ട് ബാബിലോണുകൾ* എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

### *3. മുഴുവൻ പിണ്ഡവും (ക്രിസ്തുമതം) പുളിപ്പിക്കപ്പെട്ടു*

13:33 അനുസരിച്ച്, "മുഴുവനും പുളിച്ചു." ക്രിസ്തുമതത്തെ സൂചിപ്പിക്കുന്ന മുഴുവൻ പിണ്ഡവും പുളിപ്പിക്കപ്പെടുകയും ദുഷിപ്പിക്കപ്പെടുകയും ചെയ്തു. റോമൻ കത്തോലിക്കാസഭയുടെ പുളിപ്പിനെ തുറന്നുകാണിക്കുവാൻ എഴുതിയ *രണ്ട് ബാബിലോണുകൾ* എന്ന പുസ്തകത്തിന്റെ രചയിതാവ്, താൻതന്നെയും പുളിപ്പിൽനിന്ന് പൂർണമായി ശുദ്ധീകരിക്കപ്പെട്ടിരുന്നില്ല എന്നു സൂചിപ്പിച്ചുകൊണ്ട് റവറണ്ട് എന്ന പദം ഉപയോഗിച്ചു. ക്രിസ്തുമതത്തിന്റെ ചരിത്രം നിങ്ങൾ വായിക്കുന്നുവെങ്കിൽ, അതിലുള്ള സകലവും പുളിപ്പിക്കപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ കാണും. ഉദാഹരണത്തിന്, വത്തിക്കാനിൽ ത്രിത്വത്തെ സങ്കൽപിക്കുന്ന ഒരു പെയിന്റിംഗുണ്ട്. പിതാവിനെ പ്രതിനിധീകരിക്കുന്ന ഒരു വയസ്സനായ മനുഷ്യന്റെയും, പുത്രനെ പ്രതിനിധീകരിക്കുന്ന ഒരു യുവാവിന്റെയും ചിത്രങ്ങൾക്കിടയിൽ യേശുവിന്റെ അമ്മയെന്നു വിളിക്കപ്പെടുന്ന ഒരു യുവതിയുണ്ട്. ഈ മൂന്നുപേരുടെയും മുകളിൽ പരിശുദ്ധാത്മാവിനെ കുറിക്കുന്ന ഒരു പ്രാവുണ്ട്. ഈ ചിത്രമനുസരിച്ച്, മറിയ ദൈവത്വത്തിൽ എണ്ണപ്പെടുകയും, ത്രിത്വം ചതുർത്വമായിത്തീരുകയും ചെയ്തിരിക്കുന്നു. എന്തൊരു പുളിപ്പാണിത്!

റോമൻ കത്തോലിക്കാസഭ ക്രിസ്തുവിനോടു ബന്ധപ്പെട്ട സകലത്തെയും പുളിപ്പുള്ളതാക്കിയിരിക്കുന്നു. അവർക്ക് മാവായ ക്രിസ്തു ഉണ്ടെങ്കിലും, അവർ മാവിലേക്ക് പുളിപ്പ് ഇട്ടിരിക്കുന്നു. അവർക്ക് സ്വർണ പാനപാത്രവും ഉണ്ടെങ്കിലും, അത് മ്ലേച്ഛതകൊണ്ട് നിറഞ്ഞിരിക്കുന്നു (വെളി. 17:4). കത്തോലിക്കാസഭയ്ക്ക് സ്വർണ പാനപാത്രത്താൽ സൂചിപ്പിക്കപ്പെടുന്ന ചില ദിവ്യമായ കാര്യങ്ങൾ ഉണ്ടെന്നതിനു സംശയമില്ല, എന്നാൽ

അവ മ്ലേച്ഛതകൊണ്ടും എല്ലാ വിധത്തിലുമുള്ള പൈശാചിക കാര്യങ്ങൾകൊണ്ടും കലർന്നിരിക്കുന്നു. ഇതാണ് ഇന്നത്തെ ക്രൈസ്തവലോകം. യാതൊന്നിനെയും ഒഴിവാക്കുവാൻ കഴിയുകയില്ല, ക്രൈസ്തവലോകത്തിലുള്ള സകലവും ഒരു കലർപ്പാണ്. കത്തോലിക്കാമതത്തിലേക്ക് കരിസ്മാറ്റിക് പ്രസ്ഥാനത്തെ കൊണ്ടുവരുകയും മറിയാരാധനയുമായി അതിനെ കലർത്തുകയും ചെയ്യുതു നോക്കുക. നിരവധി കത്തോലിക്കാ കരിസ്മാറ്റിക്കുകൾ ചിന്തിക്കുന്നത് അവർ ആത്മികരാണെന്നാണ്, എങ്കിലും അവർ ഇപ്പോഴും മറിയയെ ആരാധിക്കുന്നു. റോമൻ കത്തോലിക്കാസഭയ്ക്ക് കരിസ്മാറ്റിക് കുർബ്ബാനകളും ഉണ്ട്.

ആത്മാവോ ക്രിസ്തുവോ ഇല്ലാത്തതെന്തും പുളിപ്പാണ്. തിന്നുവാൻ എളുപ്പമാക്കുന്നതിന് ചേർക്കുന്ന ഒന്നാണ് പുളിപ്പ്. പുളിപ്പില്ലെങ്കിൽ അപ്പം കട്ടിയായിരിക്കുകയും, തിന്നുവാനും ദഹിക്കുവാനും പ്രയാസ മായിരിക്കുകയും ചെയ്യും. കത്തോലിക്കാസഭ ഇതിനെ പുളിപ്പിന്റെ ഉപയോഗത്തിനുവേണ്ടി ഒരു ഒഴികഴിവായി ഉപയോഗിക്കുന്നു. ക്രിസ്തുവിനെ സ്വീകരിക്കുവാൻ ജനത്തിന് എളുപ്പമാക്കിക്കൊടു ക്കണമെന്ന് അവർ പറയുന്നു. ക്രിസ്തു മാർമികനും, ആത്മികനും, അമൂർത്തനുമാണെന്നും, അവനെ മനസ്സിലാക്കുവാൻ ജനത്തിന് അവന്റെ ചിത്രങ്ങൾ ആവശ്യമാണെന്നും കത്തോലിക്കാസഭ പറയുന്നു. ആത്മിക കാര്യങ്ങളെ സ്വാംശീകരിക്കുവാൻ എളുപ്പ മാക്കുന്നതിന് നമ്മുടെ സ്വാഭാവിക ആളത്തം ചില രീതികൾ ഉപയോഗിക്കുവാൻ ഇഷ്ടപ്പെടുന്നു. ഇതിനെയാണ് ബൈബിൾ പുളിപ്പെന്നു വിളിക്കുന്നത്; നാം ഇതിനെക്കുറിച്ച് കരുതലുള്ളവരായി രിക്കണം. നാം സകല പുളിപ്പിൽനിന്നും ശുദ്ധീകരിക്കപ്പെട്ടിരിക്കണം.

കത്തോലിക്കാസഭ മാത്രമല്ല പുളിപ്പിനെ എടുത്തിരിക്കുന്നത്, പ്രൊട്ടസ്റ്റന്റ് മതസംഘടനകളും കൂട്ടങ്ങളും എടുത്തിട്ടുണ്ട്. ആത്മിക കാര്യങ്ങൾ സ്വീകരിക്കുവാൻ ജനത്തിന് എളുപ്പമാക്കുന്നതിന് ഉപയോഗിക്കുന്ന രണ്ടു കാര്യങ്ങളാണ് റോക്ക് മ്യൂസിക്കും നാടകവും. ഞാൻ ചൈനയിലായിരുന്നപ്പോൾ, ബാസ്കറ്റ് ബാളിനെ സുവിശേഷ പ്രസംഗവുമായി കലർത്തിയ ഒരു സംഘടനയിലുണ്ടാ യിരുന്ന ചില യുവാക്കളെ എനിക്കറിയാമായിരുന്നു. ബാസ്കറ്റ് ബാളിനെ സുവിശേഷ പ്രസംഗത്തിനുവേണ്ടി ഉപയോഗിക്കുന്നതും പുളിപ്പാണ്. ഇതിലൂടെ ആരെങ്കിലും രക്ഷിക്കപ്പെട്ടിട്ടുണ്ടോയെന്ന് ഞാൻ സംശയിക്കുന്നു. Y.M.C.A.യുടെ മുഴുവൻ തത്ത്വവും പുളിപ്പാണ്, കാരണം Y.M.C.A.യുടെ ലക്ഷ്യം സ്വർഗീയ നിലവാരത്തെ ഭൗമിക തട്ടിലേക്കു കൊണ്ടുവരിക, സുവിശേഷത്തെ ലോകപരമായ ഒരു രീതിയിൽ മതേതര സമൂഹത്തിലേക്കു കൊണ്ടുവരിക എന്നതാണ്. ക്രിസ്തുമതത്തിലുള്ള വളരെയധികം കാര്യങ്ങൾ പുളിപ്പാണ്. ഇവയിൽ, ക്രിസ്തുമസും, ഈസ്റ്ററും, വിഗ്രഹങ്ങളും, ചിത്രങ്ങളും, രൂപങ്ങളും, റോക്ക് മ്യൂസിക്കും,

നാടകവും, മുഴുവൻ Y.M.C.A. സമ്പ്രദായവും ഉൾപ്പെടുന്നു. ദൈവോദ്ദേശ്യത്തിനുവേണ്ടിയുള്ള ക്രിസ്തുവിനെയല്ലാതെ മറ്റൊന്നും എടുക്കാതിരിക്കുവാൻ നാം ശ്രദ്ധാലുക്കളായിരിക്കണം, കാരണം അവനല്ലാത്ത ഏതും പുളിപ്പാണ്. ഓ, കൗശലക്കാരൻ അവന്റെ ഇരയ്ക്കുവേണ്ടി കാത്തുകൊണ്ട് അടുത്തുതന്നെ പതുങ്ങിക്കിടപ്പുണ്ട്! നമ്മുടെ മാനുഷിക പ്രകൃതത്തിൽ ആത്മിക കാര്യങ്ങൾ അനുഭവമാക്കുവാൻ ജനത്തിന് എളുപ്പമാക്കാനുള്ള ആഗ്രഹമുള്ളതുകൊണ്ട്, നമുക്ക് എളുപ്പത്തിൽ അവന്റെ ഇരയായിത്തീരുവാൻ കഴിയും. എന്നാൽ ആത്മിക കാര്യങ്ങളെ സ്പർശിക്കുവാൻ ജനത്തെ സഹായിക്കുന്നതിന് നിങ്ങൾ ഉപയോഗിക്കുന്നതെന്തും ഒരു തരം പുളിപ്പാണ്. സുവിശേഷം പ്രസംഗിക്കുവാനും ജനത്തെ ക്രിസ്തുവിലേക്ക് കൊണ്ടുവരാനുമുള്ള നിർമലവും വിശുദ്ധീകരിക്കപ്പെട്ടതുമായ മാർഗം പ്രാർഥനയും വചന ശുശ്രൂഷയും ആണ്. മറ്റൊരു മാർഗവും എടുക്കരുത്. പ്രാർഥിക്കുകയും വചനം ശുശ്രൂഷിക്കുകയും ചെയ്തതിനുശേഷം ജനം അപ്പോഴും സുവിശേഷം സ്വീകരിക്കുന്നില്ലെങ്കിൽ, അത് കർത്താവിന് വിട്ടേക്കുക. ജനം നമ്മുടെ വാക്ക് സ്വീകരിക്കുന്നുവോ ഇല്ലയോ എന്നത് പിതാവിന്റെ ഹിതത്തിന്റെ കാര്യമാണ്. നമ്മുടെ പ്രസംഗത്തിൽ യാതൊരു വിദ്യയും ഉപയോഗിക്കുവാൻ നാം ആഗ്രഹിക്കുന്നില്ല. ഏതു വിദ്യയും പുളിപ്പാണ്. നാം ഒരുവേലയ്ക്കോ പ്രസ്ഥാനത്തിനോ വേണ്ടിയുള്ളവരല്ല—നാം യേശുവിന്റെ സാക്ഷ്യത്തിനു വേണ്ടിയുള്ളവരാണ്.

സ്വർഗരാജ്യത്തിന്റെ വ്യാജഭാവത്തോടുകൂടെ മൂന്നു കാര്യങ്ങളുണ്ട്: രാജ്യത്തിന്റെ ഘടകങ്ങളുടെ മാറ്റംവന്ന പ്രകൃതമായ കളകളും; വ്യാജ നാട്യമായ വലിയ വൃക്ഷവും; ആന്തരിക ദൂഷ്യവും മലിനതയുമായ പുളിപ്പും. ഇന്നത്തെ ക്രിസ്തുമതത്തോട് ഈ ചിത്രത്തെ നമുക്ക് പ്രയോഗിക്കുവാൻ കഴിയും. ക്രിസ്തുമതത്തിലുടനീളം നമുക്ക് കളകളെയും, അസാധാരണമായ വളർച്ചയെയും, പുളിപ്പിനാൽ ഉളവാക്കപ്പെട്ട മലിനതയെയും കാണുവാൻ കഴിയും. ഇന്നത്തെ ക്രിസ്ത്യാനിത്വത്തിന്റെ മിക്കവാറും എല്ലാ ഭാഗത്തും മലിനതയുണ്ട്. സത്യം ഒരളവോളം ഉണ്ടെങ്കിലും, അത് പുളിപ്പിനോട് കലർന്നിരിക്കുന്നു. നിർമലതയ്ക്കു പകരം കലർപ്പാണുള്ളത്. സത്യത്തെ പ്രതിരോധിക്കുന്നു എന്നവകാശപ്പെട്ടുകൊണ്ട് നമ്മെ എതിർക്കുകയും വിമർശിക്കുകയും ചെയ്യുന്നവർ ഈ സകല കാര്യങ്ങളോടും ഇടപെടണം. നമ്മെ നാട്യത്തിൽനിന്നു വിളിക്കുകയും പുളിപ്പിൽനിന്നു കാക്കുകയും ചെയ്യുന്നതിനായി നാം കർത്താവിനെ സ്തുതിക്കുന്നു! എന്നിരുന്നാലും, മറ്റൊരു തരത്തിലുള്ള പുളിപ്പ് കടന്നുവരാൻ അനുവദിക്കാതിരിക്കേണ്ടതിന് നാം ജാഗ്രത പാലിക്കണം. ക്രിസ്തുവിനെയല്ലാതെ മറ്റൊന്നിനെയും എടുക്കാതിരിക്കുവാൻ നാം ശ്രദ്ധാലുക്കളായിരിക്കണം. സഭയുടെ

കെട്ടുപണിയിലും കർത്താവിന്റെ സാക്ഷ്യം പടർത്തുന്നതിനുമുള്ള ഏക മാർഗം പ്രാർഥിക്കുന്നതും നിർമലമായ വചനം ശുശ്രൂഷിക്കുന്നതുമാണ്. ദൈവത്തിന്റെ ദൃഷ്ടിയിൽ ഏതൊരു വിദ്യയും—ക്രിസ്തുവും, വചനവും, പ്രാർഥനയും, ആത്മാവും അല്ലാത്ത ഏതൊന്നും—പുളിപ്പാണ്. നമ്മുടെ പ്രസംഗം ആത്മാവിന്റെ ശക്തിയിലാകുവോളവും, നമ്മുടെ സാക്ഷ്യം ക്രിസ്തുവിന്റെ സമ്പന്നതയാൽ നിറയുവോളവും നാം പ്രാർഥിക്കണം. ഇതാണ് ദൈവത്തിനും മനുഷ്യനും വേണ്ടിയുള്ള ആഹാരമായ നിർമലഭോജനം. ഇതാണ് കർത്താവ് ഇന്ന് ആഗ്രഹിക്കുന്നത്.

രാജ്യത്തിന്റെ മർമങ്ങൾ കാണിച്ചുകൊണ്ട് കർത്താവ് ഈ ഉപമകളൊക്കെയും നൽകിയതിന്റെ കാരണം, ഇതാണ് സ്വർഗരാജ്യമെന്ന് അപ്പൊസ്തലന്മാരും ആദ്യകാല ശിഷ്യന്മാരും മനസ്സിലാക്കുവാൻ സഹായിക്കുന്നതിനായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. രാജ്യത്തിന്റെ യാഥാർഥ്യവും രാജ്യത്തിന്റെ വ്യാജഭാവവും തമ്മിലുള്ള വ്യത്യാസവും നാം കാണണം. യാഥാർഥ്യം ദൈവത്തിന് വിലയേറിയതാണ്, എന്നാൽ വ്യാജഭാവം അവന് മ്ലേച്ഛകരമാണ്. അതുകൊണ്ട്, നാം യാഥാർഥ്യത്തെ വിലമതിക്കുകയും, വ്യാജഭാവത്തെ തിരസ്കരിക്കുകയും വേണം. നാം കളകളെയോ, വലിയ വൃക്ഷത്തെയോ, മലിനതയെയോ ഇഷ്ടപ്പെടുന്നില്ല. ആഹാരത്തിനു കൊള്ളാവുന്ന നിർമലമായ ഗോതമ്പുമാവിനും, ചെറിയ കടുകുചെടിക്കുംവേണ്ടി നാം കരുതുന്നു. ഇതാണ് ദൈവത്തിനും മനുഷ്യനും ആഹാരമായ സഭയുടെ സാക്ഷ്യം. വിശക്കുന്നവരും അന്വേഷിക്കുന്നവരുമായ ആളുകൾ കർത്താവിന്റെ പ്രത്യുദ്ധാരത്തിലേക്ക് വരുന്നതുവരെ അവരുടെ ആത്മിക തൃപ്തിക്കുവേണ്ടിയുള്ള നിർമല ആഹാരം കണ്ടെത്തുവാൻ അവർക്കു കഴിയുകയില്ല. നാം വർഷങ്ങളോളം വിശന്നിരുന്നുവെന്നും, എന്നാൽ സഭയിലേക്കു വന്നപ്പോൾ നാം തൃപ്തരായെന്നും നമ്മിൽ അനേകർക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ഇവിടെ സഭയിൽ ആഹാരമുണ്ടെന്ന് നമ്മുടെ ആത്മാവ് നമ്മോടു പറഞ്ഞു. ഇവിടെ വിദ്യകളോ പുളിപ്പോ ഇല്ല, മറിച്ച് കടുകു ചെടിയോടുകൂടെയുള്ള നിർമലമായ മാവാണുള്ളത്. ഇതാണ് കർത്താവിന്റെ പ്രത്യുദ്ധാരവും, ഇതാണ് തീൻമേശയും. ഇതാണ് കളകളോ, വലിയ വൃക്ഷമോ, പുളിപ്പോ ഇല്ലാത്ത കർത്താവിന്റെ സാക്ഷ്യം.

## B. സ്വർഗീയ രാജാവ് പുരുഷാരത്തോട് ഉപമകളിലല്ലാതെ യാതൊന്നും സംസാരിച്ചില്ല

വാക്യം 34 പറയുന്നു, "ഇവയെല്ലാം യേശു പുരുഷാരത്തോട് ഉപമകളിൽ പറഞ്ഞു, ഉപമ കൂടാതെ അവൻ അവരോട് ഒന്നും പറഞ്ഞതുമില്ല." ജനത്തിന്റെ തിരസ്കരണം നിമിത്തം, രാജ്യം എന്ന

രഹസ്യം അവരിൽനിന്നും സൂക്ഷിക്കുന്നതിനായി, സ്വർഗീയ രാജാവ് വ്യക്തമായ വാക്കുകളിലല്ല, മറിച്ച് ഉപമകളിൽ അവരോടു സംസാരിച്ചു. രാജ്യത്തിന്റെ അനാവരണം അവർക്ക് ഒരു മർമമായിത്തീർന്നു.

സ്വർഗീയ രജാവ് ചെയ്തത്, "ഞാൻ ഉപമ പ്രസ്താവിപ്പാൻ വായ് തുറക്കും" (സങ്കീ. 78:2) എന്നു പറഞ്ഞിരിക്കുന്ന പ്രവചനത്തിന്റെ ഒരു നിറവേറലായിരുന്നു. അങ്ങനെ ചെയ്തതിലൂടെ, ലോകസ്ഥാപനം മുതൽ മറഞ്ഞിരുന്ന കാര്യങ്ങൾ അവൻ ഉച്ചരിച്ചു. രാജ്യജനം ലോകസ്ഥാപനത്തിനുമുമ്പേ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു (എഫെ. 1:4), എന്നാൽ രാജ്യത്തിന്റെ മർമങ്ങൾ ലോകസ്ഥാപനം മുതൽ മറയ്ക്കപ്പെട്ടിരുന്നു. മറയ്ക്കപ്പെട്ടിരുന്ന കാര്യങ്ങൾ രാജ്യത്തെ സംബന്ധിച്ച കാര്യങ്ങളാണ്. അവ സ്വർഗീയ രാജാവിനാൽ ഉച്ചരിക്കപ്പെട്ടുവെങ്കിലും, ജനത്തിൽനിന്നും അപ്പോഴും അതിനെ ഒരു രഹസ്യമാക്കേണ്ടതിന് മാർമികമായ ഒരു രീതിയിൽ ഉച്ചരിച്ചു.